കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പരിശീലനങ്ങൾക്ക് സ്കിൽ ട്രെയിനിംഗ് ഏജൻസിയായി തെരഞ്ഞെടുക്കുന്ന കുടുംബശ്രീ യൂണിറ്റുകളുടെ യോഗ്യത വിലയിരുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും - സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനും - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം. 2891/2016/തസ്വഭവ. തിരുവനന്തപുരം, തീയതി 17/10/2016.**

---

പരാമർശം:-(1)30.04.2016 ലെ കുടുംബശ്രീ ഡയറക്ടറുടെ 1297/എം/2013/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

(2) 07.09.2016 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം (ഐറ്റം നമ്പർ 3-10)

**ഉത്തരവ്**

പരാമർശം (1) ലെ കത്തു മുഖേന സ്കിൽ ട്രെയിനിംഗ് ഏജൻസിയായി തെരഞ്ഞെടുത്ത കുടുംബശ്രീ യൂണിറ്റുകളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വനിതകൾക്കായി നടത്തുന്ന പദ്ധതിയുടെ പരിശീലന ഏജൻസിയായി പരിഗണിക്കുന്നതിനും സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം രണ്ടിലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പരിശീലനങ്ങൾക്ക് സ്കിൽ ട്രെയിനിംഗ് ഏജൻസിയായി തെരഞ്ഞെടുക്കുന്ന കുടുംബശ്രീ യൂണിറ്റുകളുടെ യോഗ്യത കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വിലയിരുത്തേണ്ടതും ഏതിനം പരിശീലനം നൽകുന്നതിനാണ് യോഗ്യതയെന്ന് നിശ്ചയിക്കേണ്ടതുമാണെന്ന വ്യവസ്ഥയോടെ ഇത്തരം പരിശീലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ആയവ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്.ബിന്ദു**
**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**